**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225** **02-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 മഹാമാരിക്കാലത്ത് സ്കൂളുകളിൽ നിയമനങ്ങൾ നടത്തുന്നതിന് നിയമപരമായ തടസ്സം നിലവിലുണ്ടോ; എങ്കിൽ തടസ്സം എന്താണെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ തടസ്സം ഇല്ല. |
| (ബി) | പ്രസ്തുത തടസ്സം നീക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; ഇതുവഴി എത്ര അദ്ധ്യാപകർക്ക് പുതിയതായി നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ്-19 മഹാമാരിക്കാലത്ത് സ്കൂളുകളിൽ 2020-21 അദ്ധ്യയന വർഷം പി.എസ്.സി മുഖാന്തിരം നിയമന ശുപാർശ നൽകുകയും, നിയമന ഉത്തരവുകൾ നൽകിയതുമായ അദ്ധ്യാപകരെ സേവനത്തിൽ പ്രവേശിപ്പി ക്കുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 06.07.2021 തീയതിയിലെ സ.ഉ.(സാധാ)നം.3287/ 2021/ പൊ.വി.വ ഉത്തരവ് പ്രകാരം ടി കാലയളവിൽ പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് 15.07.2021 മുതൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം പൊതുവിദ്യാലയങ്ങളിൽ ചുവടെ പറയും പ്രകാരം നിയമനങ്ങൾ നടന്നിട്ടുണ്ട്. (Attachment) കൂടാതെ ഹയർ സെക്കന്ററിയിൽ 549 ജൂനിയർ അദ്ധ്യാപകർക്കും 19 സീനിയർ അദ്ധ്യാപകർക്കും നിയമനം ലഭിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഗ്രേഡിംഗ് സൂചികകളിൽ കേരളത്തിന്റെ സ്ഥാനം എന്താണെന്ന് അറിയിക്കാമോ; ഇതിനടിസ്ഥാനമായ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | 2019-20 ൽ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (P G I) പ്രകാരം കേരളം 'എ' എന്ന ഗ്രേഡിലാണ്. കേരളം ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളാണ് ഒന്നാമത്തെ ശ്രേണിയിൽ വന്നിട്ടുള്ളത്. പത്ത് ശ്രേണികളിലായിട്ടാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കേരളത്തിൻറെ സ്കോർ നില 5% മെച്ചപ്പെട്ടിട്ടുണ്ട്. പ്രാപ്യത, പഠന നേട്ടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, തുല്യത എന്നിവയാണ് മാനദണ്ഡങ്ങൾ. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | ജില്ല | നിയമനങ്ങൾ നടന്നത് |
|---|---|---|
| 1 | തിരുവനന്തപുരം | 319 |
| 2 | കൊല്ലം | 288 |
| 3 | പത്തനംതിട്ട | 88 |
| 4 | ആലപ്പുഴ | 147 |
| 5 | കോട്ടയം | 84 |
| 6 | ഇടുക്കി | 107 |
| 7 | എറണാകുളം | 249 |
| 8 | തൃശ്ശൂർ | 136 |
| 9 | പാലക്കാട് | 320 |
| 10 | മലപ്പുറം | 477 |
| 11 | കോഴിക്കോട് | 143 |
| 12 | വയനാട് | 113 |
| 13 | കണ്ണൂർ | 248 |
| 14 | കാസറഗോഡ് | 196 |